**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3812** **27-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം - കാസർഗോഡ് സിൽവർലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ രൂപരേഖയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാവുന്ന, കാസർഗോഡിനേയും തിരുവനന്തപുരത്തേയും ബന്ധിപ്പിക്കുന്ന 529.46കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർ ലൈൻ റെയിൽ ഇടനാഴി സംസ്ഥാനത്തെ തെക്ക - വടക്ക ഗതാഗതം സുഗമമാക്കുകയും യാത്രാ സമയം 10-12 മണിക്കൂറിൽ നിന്നും 4 മണിക്കൂറായി കുറയ്ക്കുകയും ചെയ്യും. പാസഞ്ചർ സർവ്വീസ് കൂടാതെ ചരക്കു ഗതാഗത മാർഗ്ഗമായ റോ-റോ സർവ്വീസും വിഭാവനം ചെയ്തിട്ടുണ്ട്. ടെക്നോ സിറ്റി, ഇൻഫോപാർക്ക് തുടങ്ങിയിടങ്ങളും കണക്ടിവിറ്റി നൽകുന്നതാണ്. കേരളത്തിലെ ചെറു പട്ടണങ്ങൾ സിൽവർ ലൈനുമായി ബന്ധിപ്പിക്കുന്നതിനും അതു വഴി പ്രധാന നഗരങ്ങളിലേക്ക് എത്തിച്ചേരുന്നതിനും വേണ്ടി ഭാവിയിൽ വേണ്ടത്ര ഫീഡർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയോടനുബന്ധിച്ചുള്ള ആസൂത്രിത നഗരവികസനവും പുതിയ നഗരങ്ങളുടെ സൃഷ്ടിയും പാത കടന്നുപോകുന്ന സ്ഥലങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസന നേട്ടങ്ങളും ഇതുമൂലം കൈവരിക്കുവാൻ സാധിക്കും. നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതിയുടെ രൂപരേഖയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് സെന്റിന് എത്ര രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളതെന്നും സ്ഥലമെടുപ്പ് നടപടികൾ എവിടെയെല്ലാം ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കും, പാത കടന്നു പോകുന്ന ജില്ലകളിൽ എസ്.ഐ.എ, വിശദ ഭൂസർവ്വേ, ഭൂമി ഏറ്റെടുക്കൽ സെൽ രൂപീകരിക്കൽ തുടങ്ങിയ നടപടികൾക്കും മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2013 ലെ RFCTLAAR ആക്ട് അനുസരിച്ചായിരിക്കും സ്ഥലത്തിന്റെ വില നിർണ്ണയിക്കുക. |
| (സി) | പദ്ധതി നടത്തിപ്പിനുള്ള സാമ്പത്തിക സ്രോതസ്സ് | (സി) | വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഇതിൽ വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരിക. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,362 കോടി രൂപ ഹഡ്കോ, കിഫ്ബി, ഐ.ആർ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് സമാഹരിക്കുന്നത്. 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളായ ADB, KFW, AIIB, JICA എന്നിവിടങ്ങളിൽ നിന്നുമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യ മാക്കാനാവുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി, വിമാനത്താവള നിർമ്മാണ മാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വിശദാംശങ്ങൾ | വിവരണം |
|---|---|---|
| 1 | പദ്ധതിയുടെ പേര് | സിൽവർ ലൈൻ പദ്ധതി - തിരുവനന്തപുരം - കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ കൊറിഡോർ |
| 2 | നടത്തിപ്പു ചുമതല | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) |
| 3 | ദൂരം | 529.46 Kms |
| 4 | റെയിൽ പാളം തമ്മിലുള്ള അകലം | Standard Gauge 1435 mm |
| 5 | പ്രവർത്തന/പരമാവധി വേഗത | 200 Kmph |
| 6 | സഞ്ചാര സമയം | 4 hrs (approx) |
| 7 | നിർമ്മാണ കാലയളവ് | 2020-25 (five years) |
| 8 | എഫ്.ഐ.ആർ.ആർ | 8.49% over 50 years |
| 9 | ഐ.ആർ.ആർ - മൂലധന | 13.55% over 50 years |
| 10 | ഇ.ഐ.ആർ.ആർ | 24.04% over 50 years |
| 11 | ട്രെയിനുകളുടെ മാതൃക | EMU Type train set 9-cars |
| 12 | ഇരിപ്പിട സൗകര്യങ്ങൾ | 2+2 (Business), 3+2 (Standard)<br>675 Passengers in 9 cars train |
| 13 | പ്രതീക്ഷിത യാത്രാക്കാരുടെ എണ്ണം | 79934 in 2025-26 |
| 14 | വൈദ്യുതി വിതരണം | കെ.എസ്.ഇ.ബി യിൽ നിന്ന്, സൗരോർജത്തിലൂടെയോ മറ്റു അക്ഷയോർജത്തിലൂടെയോ |
| 15 | സിഗ്നൽ & ടെലികമ്മ്യൂണിക്കേഷൻ | ETCS level 2 with LTE |
| 16 | സ്റ്റേഷനുകൾ | 11 സ്റ്റേഷനുകൾ, കൊച്ചി എയർപ്പോർട്ട് (ഉൾപ്പെടെ) |
| 17 | മൂലധന ചിലവ് (Excluding Escalation & taxes) Rs. Crs | Rs. 49,919/- |
| 18 | പദ്ധതി ചിലവ് (പൂർത്തീകരണ ഘട്ടത്തിൽ)<br>Rs. Crs | Rs. 63,941/ |

സെക്ഷൻ ഓഫീസർ